## ടൂറിസം സർക്യൂട്ടുകൾ വികസിപ്പിക്കുന്നതിന് പദ്ധതി

254 (6959) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി- പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ടൂറിസം സർക്യൂട്ടുകൾ വികസിപ്പിക്കുന്നതിന് പദ്ധതി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

### ഉത്തരം

(എ&ബി) സംസ്ഥാനത്ത് ടൂറിസം സർക്യൂട്ടുകൾ വികസിപ്പിക്കുന്നതിന് പ്രത്യേക പദ്ധതികൾ രൂപീകരിച്ചിട്ടില്ല. എന്നാൽ കേന്ദ്ര ധനസഹായത്തോടു കൂടി നടപ്പാക്കുന്ന ചില പദ്ധതികളും ചില സംസ്ഥാന പദ്ധതികളും ടൂറിസം സർക്യൂട്ട് വികസിപ്പിക്കുന്നതിനുള്ള പദ്ധതികളാണ്. പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങളും ഈ കേന്ദ്രങ്ങൾക്കിടയിൽ സ്ഥിതിചെയ്യുന്ന വിനോദ സഞ്ചാര സാദ്ധ്യതകൾ കൂടിയ മറ്റു സ്ഥലങ്ങളും വികസിപ്പിക്കുകന്നതിനുള്ള നടപടികളാണ് ഇത്തരം പദ്ധതികളിലുള്ളത്. ടൂറിസം വികസനം ത്വരിതപ്പെടുത്തി സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുകയാണ് ടൂറിസം സർക്യൂട്ടുകളുടെ ലക്ഷ്യം.

(സി) മേൽ പ്രകാരമുള്ള പദ്ധതി നിർവ്വഹണത്തിന് സഹായിക്കുന്ന ഏജൻസികൾ ഇവയാണ്.

KITCO, SIDCO, KIIDC, Inland Navigation, Eco-Tourism, Harbour Engineering Department.

(ഡി) സംസ്ഥാനത്ത് ടൂറിസം സർക്യൂട്ട് വികസനത്തിന് നടപ്പാക്കിയ പദ്ധതികൾ താഴെപ്പറയുന്നവയാണ് :

1. Development of Northern Regional Circuit in Kerala
2. Development of High Range Circuit
3. Beach Tourism Circuit
4. Development of Pilgrim Circuit



LIBRARY ARCHIVES Kerala Legislative Assembly

5. Development of Eco-Tourism Circuit
6. Heritage Circuit of Thalassery and surroundings
7. Development of Musiris Heritage Tourism Circuit
8. Development of Nila Heritage Tourism Circuit
9. Development of Ashtamudi Cruise Circuit
10. Development of Kadinamkulam Backwater Circuit
11. Development of Backwater Circuit, Alappuzha.

**കിറ്റ്സിനെ മികവിന്റെ കേന്ദ്രമാക്കി ഉയർത്തുന്നതിന് നടപടി**

255. (6960) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി- പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിനോദസഞ്ചാര പരിശീലനത്തിനും മാനവശേഷിവികസനത്തിനും ഉള്ള മികവിന്റെ കേന്ദ്രമാക്കി കിറ്റ്സിനെ ഉയർത്തുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ-ഡി) ഗുണനിലവാരമുള്ള സേവനം നൽകുന്നതിന് ടൂറിസത്തിൽ മെച്ചപ്പെട്ട മാനവശേഷി വികസനം ഉണ്ടാകേണ്ടതുണ്ട്. ട്രാവൽ ടൂറിസം മേഖലയിലെ മാനവശേഷി വികസിപ്പിക്കുന്നതിന്റെ ഭാഗമായി കിറ്റ്സ് ടൂറിസത്തിൽ എം.ബി.എ., പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ടൂറിസം ആന്റ് പബ്ലിക് റിലേഷൻസ് മാനേജ്മെന്റ്, ലോജിസ്റ്റിക് മാനേജ്മെന്റ്, എയർപോർട്ട് ഓപ്പറേഷൻസ് എന്നിവയിൽ ഡിപ്ലോമയും അയാട്ടയുടെ സർട്ടിഫിക്കേഷൻ കോഴ്സുകളും നടത്തിവരുന്നു. ഇതിനുപരിയായി കിറ്റ്സ് പരിശീലന പരിപാടികളും കൺസൾട്ടൻസിയും ഗവേഷണവും നടത്തുന്നുണ്ട്. ഹോസ്പിറ്റാലിറ്റി മേഖലയ്ക്ക് ആവശ്യമുള്ള വിദഗ്ദ്ധ തൊഴിലാളികളെ ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ ഹുണാർ-സെ-റോസ്ഗാർ പദ്ധതി നടപ്പാക്കുന്ന ചുമതലയും

LIBRARY ARCHIVES Kerala Legislative Assembly